3. കേരള ഗവണ്മെന്റു സിമന്റു നിയന്ത്രണ ഉത്തരവിലെ ഏതെങ്കിലും വകുപ്പുകളും ഏതെങ്കിലും സിമന്റു വ്യാപാരി ലംഘിച്ചുവെന്നോ ലംഘിക്കുവാൻ ഇടയുണ്ടെന്നോ വാണിജ്യ വ്യവസായ ഡയറക്ടർ,വാണിജ്യവ്യവസായ ഡപ്യൂട്ടി ഡയറക്ടർ, (കൺട്രോൾഡ് കമ്മാഡിറ്റീസ്) വാണിജ്യ വ്യവസായ റീജിയണൽ ജോയിന്റു ഡയറക്ടറന്മാർ, ഡിസ്ട്രിക്ടു വ്യവസായ ആഫീസർമാർ, ഡിസ്ട്രിക്ടു കളക്ടറന്മാർ, റവന്യൂ ഡിവിഷണൽ ആഫീസറന്മാർ, തഹസീൽദാരന്മാർ ഇവരിൽ ആക്കെങ്കിലും ബോദ്ധ്യം വന്നാൽ സംശയമുള്ള സ്ഥലങ്ങളും, വാഹനങ്ങളും, മുതലായവയിൽ കടന്നു പരിശോധിക്കുന്നതിനും മേൽ നടപടികളും സ്വീകരിക്കുന്നതിനും ഗവണ്മെന്റു അധികാരം നൽകിയിട്ടുണ്ടു്. ഈ അധികാരങ്ങളും ഉപയോഗിച്ചു സിമന്റിന്റെ കരിഞ്ചന്ത വില്പന തടയാമെന്നാണു് ഗവണ്മെന്റു കരുതുന്നതു്.

ശ്രീ. ഹമീദ് ആലി ഷംനാട് : കാൺട്രാക്ടറു ഉള്ള ചില ആളുകളും സിമന്റു ധാരാളമായി കരിഞ്ചന്തയിൽ വിൽക്കുന്നതു തടയുന്നതിനും കരിഞ്ചന്തയിൻ വിൽക്കുന്നതു പിടിച്ചെടുക്കുവാനും ഒരു ഉദ്യോഗസ്ഥനെ നിയമിക്കുവാൻ ഗവണ്മെന്റു തയാറാകുമോ ?

ശ്രീ. കെ. എ. ദാമോദരമേനോൻ : അങ്ങനെ ഒരു ഉദ്യോഗസ്ഥനെ നിയമിച്ചതുകൊണ്ടു് ഈ കാര്യത്തിൽ വലിയ പ്രയോജനം ഉണ്ടാകുമെന്നു തോന്നുന്നില്ല.

ശ്രീ. എം. എം. മത്തായി : നൂറും അഞ്ഞൂറും ചാക്കു സിമന്റിനു പെർമിറ്റു നൽകിയിട്ടു യഥാർത്ഥത്തിൽ അതു ചെലവാകുന്നുണ്ടോ എന്നു ഗവണ്മെന്റു് അന്വേഷിക്കുന്നില്ല. ഇങ്ങനെ ഉദ്യോഗസ്ഥന്മാരിൽ സ്വാധീനം ചെലുത്തി അഞ്ഞൂറു ചാക്കു സിമന്റിനു പെർമിറ്റു നൽകിയിട്ടു അതു കരിഞ്ചന്തയിൽ പോകുന്നുണ്ടോ എന്നു ഗവണ്മെന്റു അന്വേഷിക്കാറുണ്ടോ ?

ശ്രീ. കെ. എ. ദാമോദരമേനോൻ: പൊതുവിൽ അങ്ങനെ പറഞ്ഞാൽ അന്വേഷിക്കുവാൻ പ്രയാസമാണു്. ഏതെങ്കിലും ഒരാൾ പെർമിറ്റു വാങ്ങി അങ്ങനെ കരിഞ്ചന്ത വിൽപ്പന നടത്തിയിട്ടുണ്ടെന്നു കാണിക്കുകയാണെങ്കിൽ, അല്ലെങ്കിൽ ദുരുപയോഗപ്പെടുത്തിയെന്നു ചൂണ്ടിക്കാണിക്കാമെങ്കിൽ അതേപ്പറ്റി ഞാൻ അന്വേഷിക്കാം ; നടപടി സ്വീകരിക്കുകയും ചെയ്യാം.

ശ്രീ. പി. വി. കുഞ്ഞുണ്ണിനായർ : പി. ഡബ്ലിയു. ഡി. കാൺട്രാക്റേഴ്സിനു പാലങ്ങളുടേയും മറ്റും പണിക്കു നൽകുന്ന സിമന്റിൽ അധികഭാഗവും കരിഞ്ചന്തയിൽ പോകുകയാണു്. ചിലപ്പോൾ ഇരട്ടി വിലയ്ക്കുതന്നെ വിൽക്കുന്നുണ്ടു്. അതു തടയുന്നതിനു എന്തെങ്കിലും നടപടി ഗവണ്മെന്റു കൈക്കൊള്ളുമോ ?

ശ്രീ. കെ. എ. ദാമോദരമേനോൻ : ഞാൻ മുമ്പു പറഞ്ഞ ഉത്തരം ഇതിനു ബാധകമാണു്. പാലംപണികൾക്കും മറ്റും നൽകുന്ന സിമന്റു അടവേ പോകുന്നുണ്ടെന്നു പൊതുവായി പറഞ്ഞാൽ അന്വേഷിക്കുന്നതിനു ബുദ്ധിമുട്ടാണു്. ഏതെങ്കിലുമൊരു വ്യക്തി അങ്ങനെ ചെയ്തിട്ടുണ്ടെന്നു ചൂണ്ടിക്കാണിക്കുകയാണെങ്കിൽ അതേപ്പറ്റി അന്വേഷിക്കാം.

വിദ്യാലയങ്ങളുടെ സംയോജനം.

* 848. [19] ശ്രീ. പി. കെ. നാരായണൻ നമ്പ്യാർ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) വ്യത്യസ്ത മാനേജ്മെന്റു കീഴിലുള്ള വിദ്യാലയങ്ങൾ ഒരു മാനേജ്മെന്റിന്റെ കീഴിൽ നടത്തുവാൻ മാനേജർമാർ തീരുമാനിച്ചാൽ ഡിപ്പാർട്ടുമെന്റിൽനിന്നും അനുമതി നൽകുവാൻ തടസ്സമുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) വടകരതാലൂക്കിൽ, തോടന്നൂർ സബ് ഡിസ്ട്രിക്റ്റിൽപ്പെട്ട മണിയൂർ പഞ്ചായത്തിലെ 3 എയിഡഡ് പ്രൈമറി സ്കൂൾ ഇത്തരത്തിൽ സംയോജിപ്പിക്കുവാൻ മാനേജർമാർ ഡിപ്പാർട്ടുമെൻറിന്റെ അനുമതിക്കു അപേക്ഷിച്ചിരുന്നുവോ ;

(സി) ഉണ്ടെങ്കിൽ എപ്പോൾ ?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. എം. പി. ഗോവിന്ദൻ നായർ) :

(എ) കെ. ഇ. ആർ-ലെ വ്യവസ്ഥകൾക്കു വിധേയമാണെങ്കിൽ വ്യത്യസ്ത മാനേജ്മെൻറിന്റെ കീഴിലുള്ള വിദ്യാലയങ്ങൾ ഒരു മാനേജ്മെൻറിന്റെ കീഴിൽ നടത്തുവാൻ തടസ്സമൊന്നുമില്ല.

(ബി, സി) 13-1-1961-ൽ അപേക്ഷിച്ചിരുന്നു. എന്നാൽ മാനേജർമാർ തങ്ങളുടെ അപേക്ഷ പിൻവലിച്ചിരിക്കുന്നതായി 15-4-1962-ൽ വടകര ഡി. ഇ. ഓ. യെ എഴുതി അറിയിക്കുകയും ചെയ്തു.

ശ്രീ. പി. നാരായണക്കുറുപ്പ് : അങ്ങനെ വ്യത്യസ്ത സ്കൂളുകൾ ഏകീകരിക്കുമ്പോൾ വ്യത്യസ്ത സ്കൂളുകളിലുള്ള അദ്ധ്യാപകരുടെ സീനിയോറിറ്റി മുതലായവയെപ്പറ്റി ഗവണ്മെൻറു പരിഗണിക്കാറുണ്ടോ ? ഇല്ലെങ്കിൽ അവയെല്ലാം അവരുടെ താൽപ്പര്യങ്ങൾക്കു ഹാനികരമല്ലാത്തവിധത്തിൽ കൊണ്ടുവരുന്നതിനെപ്പറ്റി ഗവണ്മെൻറു ആലോചിക്കുമോ ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : ഗവണ്മെൻറിന്റെ ഉദ്ദേശവും അതുതന്നെയാണു്. അതുകൊണ്ടുമാത്രമാണു് കെ. ഇ. ആർ. വ്യവസ്ഥകൾക്കു വിധേയമായിട്ടു മാത്രമേ അനുവാദം കൊടുക്കുകയുള്ളു എന്നു വച്ചിരിക്കുന്നതു്. അല്ലാതെ ചെയ്യുന്നതായാൽ ചില അദ്ധ്യാപകരുടെ താൽപ്പര്യങ്ങൾക്കു അവിരുദ്ധമായിട്ടു വരാൻ ഇടയുണ്ടു്.

ശ്രീ. ടി. സി. നാരായണൻ നമ്പ്യാർ : അദ്ധ്യാപകരുടെ താൽപ്പര്യങ്ങൾക്കു വിരുദ്ധമാകാൻ ഇടയാകാതെ നോക്കുന്നതോടൊപ്പം ഇന്നു നിലവിലുള്ള വിദ്യാലയങ്ങളിൽ പ്രബോധനം ആരംഭിച്ചു വരുന്ന കുട്ടികൾക്കു പ്രബോധനം ലഭിക്കുന്നതിനു തടസ്സം വരാത്തവിധത്തിലുകൂടി ഈ വിദ്യാലയസംയോജനം നടത്തുന്നതിനു ശ്രദ്ധിക്കുമോ ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : രണ്ടു മാനേജ്മെൻറിന്റെ കീഴിലുള്ള വിദ്യാലയങ്ങൾ ഒരു മാനേജ്മെൻറിന്റെ കീഴിൽ ആക്കുക എന്നതു മാത്രമേ ഇപ്പോൾ ഇതുകൊണ്ടു് ഉദ്ദേശിച്ചിട്ടുള്ളു.

ശ്രീ. ടി. സി. നാരായണൻ നമ്പ്യാർ : അങ്ങനെ സംയോജിക്കുന്നതോടൊപ്പം സ്കൂളുകൾ വർദ്ധിപ്പിക്കുന്നതിനുള്ള ഒരു ശ്രമവും ഇതോടൊപ്പം നടക്കുകയില്ലേ ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : ഒരു മാനേജ്മെൻറിന്റെ കീഴിൽ വ്യത്യസ്ത മാനേജ്മെൻറിന്റെ കീഴിലുള്ള സ്കൂളുകൾ കൊണ്ടുവരുന്നതിനെപറ്റിയാണു് ഇവിടെ ചോദ്യം. ഈ ചോദ്യം അതോടു ബന്ധപ്പെട്ടതല്ല.

ഗവണ്മെൻറു് കടമായി കൊടുത്തിട്ടുള്ള തുക

* 849. [20] ശ്രീ. കെ. മാർഗ്ഗവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) രണ്ടാം പദ്ധതിയുടെ ആരംഭം മുതൽ കഴിഞ്ഞ മാർച്ചുമാസംവരെ വിവിധ ഇനങ്ങളിലായി ഗവണ്മെൻറു് ആകെ എത്രലക്ഷം രൂപ ലോൺ ആയി കൊടുത്തിട്ടുണ്ടു് ;

(ബി) ഇതിൽ നാളതുവരെ പിരിഞ്ഞുകിട്ടിയിട്ടുള്ള തുക എത്ര ;

(സി) ഇനി പിരിഞ്ഞുകിട്ടാനുള്ള തുക എത്ര ;

(ഡി) ഇതിൽ കിട്ടാക്കടമായി എഴുതിത്തള്ളേണ്ടിവന്ന തുക എത്ര ?

LIBRARY ARCHIVES Kerala Legislative Assembly